പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2304

08.05.2017-ൽ മറുപടിക്ക്

## കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും പ്ലാനുകൾക്ക് ആർക്കിടെക്റ്റിന്റെ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദു റഹിമാൻ | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും മറ്റും പ്ലാനും ഡി.പി.ആറും തയ്യാറാക്കുമ്പോൾ ആർക്കിടെക്റ്റുകളുടെ സേവനം സമയബന്ധിതവും കാര്യക്ഷമവുമായി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊതുമരാമത്ത് പാലങ്ങളുടെ പ്ലാനും, കെട്ടിടങ്ങളുടെ ഡിസൈനും തയ്യാറാക്കുന്നത് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേനയാണ്. ഇതിനായി ഡിസൈൻ വിഭാഗത്തിന്റെ സേവനം സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതികൾ ഉയർന്നിട്ടില്ല. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ആർക്കിടെക്റ്റുകളുടെ ഒരു എംപാനൽഡ് ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗം ആവിഷ്കരിച്ചിട്ടുണ്ടോ;<br>(സി) പുറത്തുള്ള ആർക്കിടെക്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താൻ അനുവാദം നൽകാമോ; ഇത്തരം ആർക്കിടെക്റ്റിന്റെ സേവനത്തിന്റെ ചെലവ് വഹിക്കാൻ തയ്യാറാകുമോ? | (ബി) & (സി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ കൂടുതലായി വരുന്ന സാഹചര്യങ്ങളിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുമായി അംഗീകരിച്ചിട്ടുള്ള എംപാനൽഡ് ലിസ്റ്റിലുള്ള ഏജൻസികളുടെ സേവനം ടി പ്രവൃത്തിക്ക് വേണ്ടി വരുന്ന ചിലവ് നൽകി ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ